4 (*530) ഫെയർസ്റ്റേജ് പുനർനിർണ്ണയം

<u>ശ്രീ. പാലോട് രവി</u> :

<u>ശ്രീ. ഇ.എം. അഗസ്തി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫെയർസ്റ്റേജ് പുനർനിർണ്ണയം ചെയ്യാതെ ബസ്സ്ചാർജ് വർദ്ധിപ്പിക്കരുതെന്ന് ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഫെയർസ്റ്റേജ് പുനർനിർണ്ണയം ചെയ്യുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) മിനിമം ചാർജിന് സഞ്ചരിക്കാവുന്ന ദൂരവും കിലോമീറ്റർ അടിസ്ഥാനത്തിൽ സഞ്ചരിക്കാവുന്ന ദൂരവും തമ്മിൽ ബന്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ ;

(ഡി) ഇല്ലാത്തപക്ഷം ഹൈക്കോടതിയുടെ ഉത്തരവ് എപ്രകാരം നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി <u>(ഡോ. എ. നീലലോഹിതദാസൻ നാടാർ)</u> : സർ,

(എ) ഉണ്ട്.

(ബി) ഫെയർസ്റ്റേജ് പുനർനിർണ്ണയം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞു.

(സി)&(ഡി) ഈ കാര്യങ്ങളെല്ലാം പരിഗണിച്ചു മാത്രമേ ഫെയർസ്റ്റേജ് നിശ്ചയിക്കുകയുള്ളൂ.

<u>ശ്രീ. പാലോട് രവി</u> : സർ, ഫെയർസ്റ്റേജ് പുനർനിർണ്ണയിക്കുന്നതിന് ഏതെങ്കിലും വിദഗ്ദ്ധ സമിതിയെ വച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അത്തരത്തിൽ ഏതെങ്കിലും സമിതിയെ വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഡോ. എ. നീലലോഹിതദാസൻ നാടാർ</u> : കേരള മോട്ടോർ വാഹന നിയമത്തിലെ 211-ാം വകുപ്പനുസരിച്ച് ഫെയർ സ്റ്റേജ് നിർണ്ണയിക്കുന്നതിന് വ്യക്തമായ ചില മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യം ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസേഴ്സാണ് ഇത് സംബന്ധിച്ചു തീരുമാനം കൈക്കൊള്ളുന്നത്. ഇതു സംബന്ധിച്ച് അപാകതകളുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ അത് പരിശോധിച്ച് തീരുമാനമെടുക്കും. അങ്ങനെ വ്യക്തമായ വ്യവസ്ഥകളുണ്ട്. അല്ലാതെ പ്രത്യേക സമിതിയൊന്നുമില്ല.

<u>ശ്രീ. പാലോട് രവി</u> : കേരളത്തിലെ ജനങ്ങൾ ഇന്ന് ഇലക്ട്രിസിറ്റി ചാർജ് വർദ്ധിപ്പിച്ചതുമൂലം വളരെയധികം ബുദ്ധിമുട്ടനുഭവിക്കുകയാണ്. ആ പശ്ചാത്തലത്തിൽ ഈ സാമ്പത്തികവർഷം ട്രാൻസ്പോർട്ട് ചാർജ് വർദ്ധനവ് വേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ടോ?

<u>ഡോ. എ. നീലലോഹിതദാസൻ നാടാർ</u> : ഞാൻ നേരത്തെതന്നെ സഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇത് മന്ത്രിസഭയുടെ പരിഗണനയിലാണ്. ഇപ്പോൾ ഹൈക്കോടതി വിധി വന്നതിനുശേഷം അതിന്റേതായ ചില തടസ്സങ്ങളുണ്ട്. ഇതെല്ലാം പരിശോധിച്ചശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

<u>ശ്രീ. ഇ.എം. അഗസ്തി</u> : ഇവിടെ രണ്ടാമത്തെ ചോദ്യത്തിന് (ബി) യിൽ ഫെയർസ്റ്റേജ് പുനർനിർണ്ണയം ചെയ്യുവാൻ എന്തെല്ലാം നടപടി സ്വീകരി

LIBRARY ARCHIVES Kerala Legislative Assembly

ച്ചുവെന്നുള്ളതിന് പ്രാരംഭനടപടികൾ സ്വീകരിച്ചുവെന്നാണ് അദ്ദേഹം പറഞ്ഞത്. എന്തൊക്കെയാണ് സ്വീകരിച്ചതെന്ന് വളരെ വ്യക്തമായി അങ്ങേക്ക് പറയുവാൻ സാധിക്കുമോ?

ഡോ: എ. നീലലോഹിതദാസൻ നാടാർ : നേരത്തെ സൂചിപ്പിച്ചതു പോലെ മോട്ടോർ വെഹിക്കിൾ നിയമമനുസരിച്ച് പ്രാരംഭ നടപടികൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരാണ് സ്വീകരിക്കേണ്ടതെന്ന നിർദ്ദേശം നൽകിക്കഴിഞ്ഞു.

ശ്രീ. ഇ.എം. അഗസ്തി : ഫെയർസ്റ്റേജ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കാലാകാലങ്ങളിൽ ജനങ്ങൾക്കിടയിൽ വലിയ പരാതിയുണ്ട്. അതിൽ പ്രധാന കാരണം ട്രാൻസ്പോർട്ട് രംഗത്ത് ഒരു പ്രത്യേക നയമില്ല എന്നുള്ളതാണ്. ഗതാഗതരംഗത്ത് പൊതുമേഖലയ്ക്കാണോ അതോ സ്വകാര്യ മേഖലയ്ക്കാണോ പ്രാമുഖ്യം നൽകാൻ ഉദ്ദേശിക്കുന്നത്? അതിൽ ഗവൺമെന്റിന്റെ നയമെന്തെന്ന് വ്യക്തമാക്കുമോ?

ഡോ: എ. നീലലോഹിതദാസൻ നാടാർ : സ്വകാര്യ മേഖലയേയും പൊതുമേഖലയേയും സംയോജിപ്പിച്ച് കൊണ്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. പ്രകാശ് ബാബു : ഫെയർസ്റ്റേജ് നിശ്ചയിക്കുമ്പോൾ എല്ലാ റൂട്ടുകളിലും തുല്യ കിലോമീറ്ററിന് ഒരു ഫെയർസ്റ്റേജെന്നുള്ള നിലയിൽ തീരുമാനമെടുക്കാൻ നിർദ്ദേശം കൊടുക്കുമോ? അതിൽ ധാരാളം അപാകതകളുള്ളതുകൊണ്ടാണ് ഞാൻ ഇത് ചൂണ്ടിക്കാണിക്കുന്നത്. ആ നിലയിൽ കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും ഇത്ര കിലോമീറ്ററിന് ഒരു ഫെയർസ്റ്റേജ് ആ നിലയിൽ നിശ്ചയിക്കാൻ നടപടി എടുക്കുമോ?

ഡോ: എ. നീലലോഹിതദാസൻ നാടാർ : അത് സംബന്ധിച്ച് ഇപ്പോൾ നിർദ്ദേശങ്ങളൊന്നും കൊടുത്തിട്ടില്ല. വിശദമായി പരിശോധിച്ചതിനുശേഷം വേണ്ട നിർദ്ദേശങ്ങൾ കൊടുക്കാൻ കഴിയും.

ശ്രീ. ടി.എം. ജേക്കബ് : ഫെയർസ്റ്റേജിലെ അപാകതകളൊക്കെ നിശ്ചയിച്ചതിനുശേഷമേ ബസ്ചാർജ് വർദ്ധനവ് നിലവിൽ വരാവൂ എന്ന ഹൈക്കോടതി നിർദ്ദേശമുണ്ട്. അത് പരിഗണിച്ചുകൊണ്ടിരിക്കുകയാണെന്ന് പറഞ്ഞു. ഈ സാഹചര്യത്തിൽ ഇതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ സ്റ്റാറ്റ്യൂട്ടറിയായിട്ട് നിബന്ധനകളുണ്ട്. ഇതെല്ലാം പൂർത്തീകരിച്ച് എന്നത്തേയ്ക്ക് ബസ്ചാർജ് വർദ്ധനവ് പ്രാബല്യത്തിൽ കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ഡോ: എ. നീലലോഹിതദാസൻ നാടാർ : അതിന് വ്യക്തമായ ഒരു സമയപരിധി ഇപ്പോൾ പറയുവാൻ പറ്റുകയില്ല. എല്ലാ കാര്യങ്ങളും തീരുമാനിച്ച്, ഹൈക്കോടതിയിൽ ഇതുസംബന്ധിച്ച് കേസ്സുണ്ട്. അപ്പോൾ പലതുമായി ബന്ധപ്പെട്ടുകിടക്കുന്നതുകൊണ്ട് അതിന് ഇപ്പോൾ ഇവിടെനിന്ന് സമയപരിധി നിശ്ചയിക്കാൻ സാധ്യമല്ല.

ശ്രീമതി ആർ. ലതാദേവി : സർ, ഫെയർസ്റ്റേജിലെ അപാകതകൾ പരിഹരിക്കുന്നയവസരത്തിൽ ചടയമംഗലം എം.സി. റോഡിലെ സബ് ഡിപ്പോ ഡിവിഷനും ആയൂർ ജംഗ്ഷനും ഐഡന്റിക്കൽ ഫെയർസ്റ്റേജ് പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഡോ: എ. നീലലോഹിതദാസൻ നാടാർ : ഇത്തരത്തിലുള്ള ഒരു കാര്യത്തിന് ഗവൺമെന്റ് ഇപ്പോൾ ഒരു കമ്മിറ്റ്മെന്റ് നടത്തുന്നത് ശരിയല്ല. നിയമ 823/2010.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥകൾക്കുവിധേയമായി നടക്കുന്ന ഒരു കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റിന് ഒന്നും പറയുവാൻ കഴിയുകയില്ല.

ശ്രീ. എം. മുരളി : സർ, മോട്ടോർ വാഹന നിയമത്തിലെ ചട്ടങ്ങളനുസരിച്ചാണ് ഇവിടെ ഫെയർസ്റ്റേജ് നിശ്ചയിക്കുന്നതെന്ന് അങ്ങ് പറഞ്ഞു. ഹൈക്കോടതിയിൽ വന്ന കേസിന്റെയടിസ്ഥാനത്തിൽ ഇപ്പോൾ ഫെയർസ്റ്റേജ് ഫിക്സ് ചെയ്യാതെ ചാർജ് വർദ്ധനവുൾപ്പെടെയുള്ള കാര്യത്തെക്കുറിച്ച് ആലോചിക്കരുതെന്ന നിർദ്ദേശമാണ് ഹൈക്കോടതി തന്നിരിക്കുന്നത്. പ്രൈവറ്റ് ബസ്സിന്റേയും കെ.എസ്.ആർ.ടി.സി. ബസ്സിന്റേയും ഫെയർസ്റ്റേജ് തമ്മിൽ വലിയ അന്തരമുണ്ട്, അപാകതകളുണ്ട്. അതുകൊണ്ട് എനിക്ക് വയ്ക്കുവാനുള്ള നിർദ്ദേശം അതിന് വേണ്ടിവന്നാൽ എസ്.ആർ.ഒ. കൂടി പുറപ്പെടുവിച്ചുകൊണ്ട് ആർ.ടി.ഒ.മാർ ഇത് പുനർനിർണ്ണയം നടത്തുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റുമാരുമായും അല്ലെങ്കിൽ ചെയർമാൻമാരുമായിട്ടെങ്കിലും ഒന്ന് ചർച്ച ചെയ്യാൻ നിർബന്ധിക്കണം. ഈ പറഞ്ഞ നിർദ്ദേശം പരിഗണിക്കുമോ?

ഡോ: എ. നീലലോഹിതദാസൻ നാടാർ : അത് എത്രകണ്ട് പ്രാവർത്തികമാകുമെന്ന കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. സി. മൊയിൻകുട്ടി : സർ, പ്രൈവറ്റ് ബസ്സിന്റേയും കെ.എസ്.ആർ.ടി.സി. ബസ്സിന്റേയും ഫെയർ സ്റ്റേജ് തമ്മിലുള്ള അന്തരം പരിഹരിക്കുന്നതിന് ശ്രമിക്കുമോ? അതുപോലെതന്നെ വ്യത്യസ്ത റൂട്ടുകളിൽ വ്യത്യസ്ത ചാർജ് ഈടാക്കുന്ന സാഹചര്യമുണ്ട്. അത് പരിഹരിക്കുമോ?

ഡോ: എ. നീലലോഹിതദാസൻ നാടാർ : അതെല്ലാം പരിശോധിച്ച് തീരുമാനിച്ചതിനുശേഷം മാത്രമേ അവസാന തീരുമാനം കൈക്കൊള്ളുകയുള്ളു.

ശ്രീ. എൻ. അനിരുദ്ധൻ : സർ, ഫെയർസ്റ്റേജ് ഫിക്സ് ചെയ്യുമ്പോൾ ആവശ്യാനുസരണം ബസ്സുകൾ സർവീസ് നടത്താനുണ്ടാകണമെന്നുള്ള കാര്യം കൂടി ആലോചിക്കുമല്ലോ? കൊല്ലം ഡിപ്പോയിൽ നിന്ന് 30 ശതമാനം മുതൽ 40 ശതമാനംവരെ ബസ്സുകൾ ക്യാൻസൽ ചെയ്യുന്നുണ്ട്. സ്പെയർ പാർട്സിന്റെ കുറവും ബസ്സിന്റെ അഭാവവുമാണ് ഇതിന് കാരണമെന്നാണ് പറയുന്നത്. ആ സാഹചര്യം കണക്കിലെടുത്ത് അത് പരിഹരിക്കുന്നതിനു വേണ്ടി അടിയന്തിര നടപടി സ്വീകരിക്കുമോ?

ഡോ: എ. നീലലോഹിതദാസൻ നാടാർ : 30 ശതമാനം മുതൽ 40 ശതമാനം വരെ ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്തിട്ടില്ല. ആവറേജ് 20 ശതമാനം വരെയുള്ള ഷെഡ്യൂളുകളേ ക്യാൻസൽ ചെയ്തുള്ളു.

ശ്രീ. ജോണി നെല്ലൂർ : സർ, ഫെയർസ്റ്റേജ് പുനർനിർണ്ണയം ചെയ്യുന്നതോടൊപ്പം തന്നെ ഇവിടെ സൂചിപ്പിച്ചതുപോലെ നിലവിലുള്ള ഷെഡ്യൂളുകളിൽ ഓടിക്കാൻ ബസ്സുകൾ ഇല്ല. അപ്പോൾ ഈ പുനർനിർണ്ണയത്തോടൊപ്പം തന്നെ നിലവിലുള്ള ഡിപ്പോകളിൽ നിലവിലുള്ള ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യാനുള്ള ബസ്സുകൾ കൊടുത്തതിനുശേഷം മാത്രമേ പുതിയ ബസ്സുകൾ ആരംഭിക്കുകയുള്ളു എന്നൊരു നിബന്ധനവെയ്ക്കാൻ തയ്യാറാകുമോ?

ഡോ: എ. നീലലോഹിതദാസൻ നാടാർ : അങ്ങനെയൊരു നിബന്ധന വയ്ക്കാൻ പറ്റുകയില്ല. നിലവിലുള്ള ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനു തന്നെയാണ് ഊന്നൽ നൽകുന്നത്. അതിനിടയിൽ അത്യാവശ്യമെന്ന് കണ്ടാൽ പുതിയ ഷെഡ്യൂളുകളും ഇറക്കേണ്ടിവരും. കാരണം ഇപ്പോഴുള്ള

LIBRARY ARCHIVES Kerala Legislative Assembly

റോഡ് ട്രാൻസ്പോർട്ട് നിയമമനുസരിച്ച് സ്വകാര്യ ബസ്സുകളെ നിർബന്ധമായും ഇന്ന മേഖലകളിൽ ഓടിക്കണമെന്ന് നിർബന്ധിക്കാൻ കഴിയാത്ത ഒരവസ്ഥയാണുള്ളത്. അങ്ങനെ സ്വകാര്യബസ്സുകൾ നിർത്തിവയ്ക്കുന്ന സ്ഥലത്ത് പുതിയ സർവ്വീസുകൾ പെട്ടെന്നുതന്നെ തുടങ്ങേണ്ടിവരും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, കെ.എസ്.ആർ.ടി.സി.ക്ക് സാമ്പത്തിക പ്രതിസന്ധിവന്ന സമയത്ത് പാലക്കാട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും ഒരു നിശ്ചിത തുക അതായത് മൂന്നോ, നാലോ കോടി രൂപ വായ്പയായി എടുക്കുകയും ആ ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് നിർദ്ദേശിക്കുന്ന സ്ഥലത്തുകൂടി സർവീസ് നടത്തിക്കൊള്ളാമെന്ന് നിബന്ധന അംഗീകരിക്കുകയും അവർ പറയുന്ന കണ്ടീഷനനുസരിച്ച് പലിശയടയ്ക്കാം എന്ന് എഗ്രിമെന്റ് ചെയ്യുകയും ചെയ്തിട്ടുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇല്ല എങ്കിൽ അത് പരിശോധിക്കുന്നതിന് തയ്യാറാകുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : അതിന്റെ പ്രാരംഭ ചർച്ച എന്റെ സാന്നിദ്ധ്യത്തിലാണ് നടന്നത്. അത് സംബന്ധിച്ചുള്ള നടപടികൾ വിവിധ തലങ്ങളിൽ നടന്നുവരികയാണ്. അതിനെത്തുടർന്ന് മറ്റ് ജില്ലാ സഹകരണ ബാങ്കുകളും മുന്നോട്ടുവരുന്നുണ്ട്. ഹഡ്കോയുമായി ഇതു സംബന്ധിച്ച് ചില ധാരണയിലെത്താൻ ശ്രമിക്കുന്നുണ്ട്. കഴിയുന്നത്ര ബസ്സുകൾ നിരത്തിലിറക്കുക എന്ന ഉന്നലിൽ നിന്നുകൊണ്ടാണ് കെ.എസ്.ആർ.ടി.സി.യും ഗവൺമെന്റും പ്രവർത്തിക്കാനാഗ്രഹിക്കുന്നത്.

## (ii) അടിയന്തിര ചോദ്യത്തിന്റെ ഉത്തരം

മി. സ്പീക്കർ : അടിയന്തിര ചോദ്യം

### 5 (1) സൗദി അറേബ്യയിൽ നിന്നും സംസ്ഥാനത്തേക്ക് അയയ്ക്കുന്ന തപാൽ ഉരുപ്പടികൾ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ജൂലായ് 1-ാം തീയതി മുതൽ സൗദി അറേബ്യയിൽനിന്നും കേരളത്തിലേക്കുള്ള തപാൽ ഉരുപ്പടികൾ അയയ്ക്കുന്നത് മുടങ്ങിയിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമൂലം അവിടെയുള്ള പ്രവാസി കേരളീയർ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സൗദിയിൽനിന്നും കേരളത്തിലേക്ക് വിമാനത്തിൽ അയയ്ക്കുന്ന ചരക്കിന് (കാർഗോ) സംസ്ഥാന സർക്കാർ താൽക്കാലിക വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുമൂലമാണ് ഈ പ്രതിസന്ധി ഉടലെടുത്തത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ പ്രതിസന്ധി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

LIBRARY ARCHIVES Kerala Legislative Assembly